**INDIAN SCHOOL SOHAR**
**PERIODIC TEST III (2018-19)**
**MALAYALAM**

**SET : 1**
**no.of printed pages : 1**

**CLASS: IX** **MAX.MARKS: 20**
**DATE: 14/01/2019** **DURATION: 45 Minutes.**

---

**1. താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചു തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (2)

സാമൂഹ്യ പുരോഗതിയുടെ ആണിക്കല്ലാണ് ശാസ്ത്രം. ശാസിക്കാനും ത്രാണനം ചെയ്യാനുമുള്ളതാണ് അത്. ഒരിക്കലും അത് ഹിംസക്കുള്ള ആയുധമല്ല. പ്രാചീന മനുഷ്യൻ ആയുധം സൃഷ്ടിച്ചത് സ്വന്തം ജീവൻറെ നിലനിൽപ്പിനു വേണ്ടിയും വിശക്കുന്ന വയറിനുവേണ്ടിയുമാണ്. എന്നാൽ ആധുനികമനുഷ്യൻ സ്വന്തം മേധാവിത്വം ഉറപ്പിക്കാൻ വേണ്ടി ആയുധത്തിൻറെ മൂർച്ച കൂട്ടുന്നു. യുദ്ധം പൊട്ടിപ്പുറപ്പെടുന്നത് ആയുധപ്പുരകളിൽ നിന്നല്ല. മനുഷ്യമനസ്സുകളിൽ നിന്നാണ്. ചോരക്കൊതിയുള്ള രാക്ഷസന്മാർ കുടിയിരിക്കുന്ന മനുഷ്യഹൃദയങ്ങൾ സമാധാനത്തിൻറെ വില അറിയാതെ പോകുന്നു. മനുഷ്യനിലെ മൃഗീയ വാസനകളുടെ വേരറുക്കുവാനാണ് മതവിശ്വാസം , കലാസ്വാദനം , സാമൂഹികപ്രവർത്തനങ്ങൾ എന്നിവയ്ക്ക് നാം പ്രോത്സാഹനം നൽകുന്നത്. കവികളും കലാകാരന്മാരും ആഗോള സമാധാനത്തിനായി നിലകൊള്ളേണ്ടകാലം അത്യാസന്നമായിരിക്കുന്നു. ലോകം ഒരൊറ്റ പക്ഷിക്കൂടാണ് . സ്നേഹത്തിൻറെയും സാഹോദര്യത്തിൻറെയും സന്ദേശം വ്യക്തികൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും പുലരണം. എങ്കിൽ മാത്രമേ ആയുധവിമുക്തമായ ഒരു ലോകം നമുക്ക് സൃഷ്ടിക്കാനാവൂ.

a) കവികളും കലാകാരന്മാരും എന്തിനാണ് നിലകൊള്ളേണ്ടത്?

b) പ്രാചീനമനുഷ്യൻ ആയുധം സൃഷ്ടിച്ചത് എന്തിനു വേണ്ടിയാണ്?

c) മനുഷ്യനിലെ മൃഗീയവാസനകൾ ഇല്ലാതാക്കാൻ നാം എന്തിനൊക്കെയാണ് പ്രോത്സാഹനം നൽകേണ്ടത്?

d) സാമൂഹ്യപുരോഗതിയുടെ ആണിക്കല്ല് എന്താണ്?

**2. ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക.** (2)

a) ഇനൻ എന്ന പദത്തിൻറെ അർത്ഥം എന്ത്? ( ഈശ്വരൻ , സൂര്യൻ , ചന്ദ്രൻ , ദേവൻ )

b) മകൾ എന്ന പദത്തിൻറെ പര്യായപദങ്ങൾ ഏവ? ( സുത , അത്തിക , തനയ , പെങ്ങൾ )

c) സങ്കോചം എന്നതിൻറെ വിപരീതം ഏത്? ( അസങ്കോചം , വിസങ്കോചം , വികാസം , വികസനം )

d) ഗാനരചയിതാവ് കൂടിയായ കവി ആര്? ( ഉള്ളൂർ , ഇടശ്ശേരി , പി.ഭാസ്കരൻ )

**3.പ്രയോഗം മാറ്റുക.** (1 )

വാസുദേവൻ അയാളെ കുടിലിലേക്ക് കൊണ്ടുപോയി.

**4.വാക്യത്തിലെ തെറ്റ് തിരുത്തുക.** (1 )

ഗാന്ധിജിയുടെ സ്വന്തം ആത്മകഥയുടെ പേരാണ് ‘എൻറെ സത്യാന്വേഷണപരീക്ഷണങ്ങൾ ‘

**5.അംഗ-അംഗി വാക്യങ്ങൾ എഴുതുക.** (1 )

ശങ്കരൻകുട്ടി പതുക്കെ തലയുയർത്തി ശാന്തമ്മയെ നോക്കി..

**6. 'വിദ്യാഭ്യാസം ‘ - പിരിച്ചെഴുതി സന്ധി നിർണയിക്കുക.** (1 )

**7. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക..** (8 )

a) “എന്നാൽ വിമലയെക്കൊണ്ട് എഴുതിച്ചൂടെ? അതോ അവൾക്കുണ്ടോ ഈ പണിത്തിരക്ക്? “— ഇതിൽനിന്നും കമലത്തിൻറെ സ്വഭാവം നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക .

b) കുട്ടൻറെ പനിനീർച്ചെടിയിൽ ആദ്യത്തെ പൂവ് വിരിഞ്ഞപ്പോൾ കുട്ടനും പ്രകൃതിക്കും ഉണ്ടായ മാറ്റം വിവരിക്കുക.

c) മിന്നാമിനുങ്ങിൻറെ പ്രവൃത്തിയെ ഉദാഹരിച്ചുകൊണ്ട് കവി നൽകുന്ന സന്ദേശം എന്ത്?

d) “പെട്ടെന്ന് തോന്നിയത് ലോകം തവിടുപൊടിയായിപ്പോയെന്നാണ് “ – ഈ തോന്നലിനു കാരണമായ സന്ദർഭം വിവരിക്കുക.

**8.ഉത്തരമെഴുതുക.** (4 )

a) നരേന്ദ്രൻ ബാബാജിയിൽ നിന്ന് യോഗാപഠനം ഉപേക്ഷിക്കാൻ കാരണമെന്ത്?

**INDIAN SCHOOL SOHAR**
**PERIODIC TEST III (2018-19)**
**MALAYALAM**

**SET : 2**
**no of printed pages : 1**

**CLASS: IX** **MAX.MARKS: 20**
**DATE: 14/01/2019** **DURATION: 45 Minutes.**

---

**1. താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചു തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**. (2)

സാമൂഹ്യ പുരോഗതിയുടെ ആണിക്കല്ലാണ് ശാസ്ത്രം. ശാസിക്കാനും ത്രാണനം ചെയ്യാനുമുള്ളതാണ് അത്. ഒരിക്കലും അത് ഹിംസക്കുള്ള ആയുധമല്ല. പ്രാചീന മനുഷ്യൻ ആയുധം സൃഷ്ടിച്ചത് സ്വന്തം ജീവൻറെ നിലനിൽപ്പിനു വേണ്ടിയും വിശക്കുന്ന വയറിനുവേണ്ടിയുമാണ്. എന്നാൽ ആധുനികമനുഷ്യൻ സ്വന്തം മേധാവിത്വം ഉറപ്പിക്കാൻ വേണ്ടി ആയുധത്തിൻറെ മൂർച്ച കൂട്ടുന്നു. യുദ്ധം പൊട്ടിപ്പുറപ്പെടുന്നത് ആയുധപ്പുരകളിൽ നിന്നല്ല. മനുഷ്യമനസ്സുകളിൽ നിന്നാണ്. ചോരക്കൊതിയുള്ള രാക്ഷസന്മാർ കുടിയിരിക്കുന്ന മനുഷ്യഹൃദയങ്ങൾ സമാധാനത്തിൻറെ വില അറിയാതെ പോകുന്നു. മനുഷ്യനിലെ മൃഗീയ വാസനകളുടെ വേരറുക്കുവാനാണ് മതവിശ്വാസം , കലാസ്വാദനം , സാമൂഹികപ്രവർത്തനങ്ങൾ എന്നിവയ്ക്ക് നാം പ്രോത്സാഹനം നൽകുന്നത്. കവികളും കലാകാരന്മാരും ആഗോള സമാധാനത്തിനായി നിലകൊള്ളേണ്ടകാലം അത്യാസന്നമായിരിക്കുന്നു. ലോകം ഒരൊറ്റ പക്ഷിക്കൂടാണ് . സ്നേഹത്തിൻറെയും സാഹോദര്യത്തിൻറെയും സന്ദേശം വ്യക്തികൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും പുലരണം. എങ്കിൽ മാത്രമേ ആയുധവിമുക്തമായ ഒരു ലോകം നമുക്ക് സൃഷ്ടിക്കാനാവൂ.

a) സാമൂഹ്യപുരോഗതിയുടെ ആണിക്കല്ല് എന്താണ്?

b) പ്രാചീനമനുഷ്യൻ ആയുധം സൃഷ്ടിച്ചത് എന്തിനു വേണ്ടിയാണ്?

c) മനുഷ്യനിലെ മൃഗീയവാസനകൾ ഇല്ലാതാക്കാൻ നാം എന്തിനൊക്കെയാണ് പ്രോത്സാഹനം നൽകേണ്ടത്?

d) കവികളും കലാകാരന്മാരും എന്തിനാണ് നിലകൊള്ളേണ്ടത്?

**2. ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക**. (2)

a) ' ഉക്തി ' എന്ന പദത്തിൻറെ അർത്ഥം എന്ത്? ( വാക്ക് , മുക്തി , ഉചിതം , ശക്തി )

b) ഓർമ്മ എന്ന പദത്തിൻറെ പര്യായപദങ്ങൾ ഏവ? ( സുഷുപ്തി , സ്മരണ , സ്മൃതി , സ്മേരം )

c) ദീർഘം എന്നതിൻറെ വിപരീതം ഏത്? ( അതിദീർഘം , ഹ്രസ്വം , സുദീർഘം , നിസ്വം )

d) ഗാനരചയിതാവ് കൂടിയായ കവി ആര്? ( ഉള്ളൂർ , ഇടശ്ശേരി , പി.ഭാസ്കരൻ )

**3.പ്രയോഗം മാറ്റുക.** (1 )

ഞാൻ ആ വെയിറ്റർക്ക് നൂറു രൂപാ സമ്മാനമായി കൊടുത്തു.

**4.വാക്യത്തിലെ തെറ്റ് തിരുത്തുക**. (1 )

അവൻ വീട്ടിൽ വന്നപ്പോൾ അച്ഛനോ അമ്മയും ഉണ്ടായിരുന്നില്ല.

**5.അംഗ-അംഗി വാക്യങ്ങൾ എഴുതുക**. (1 )

അവൾ എന്തെല്ലാമോ ആലോചിച്ച് മെല്ലെ തലകുനിച്ചു..

**6. 'മനുഷ്യാവസ്ഥ ' - പിരിച്ചെഴുതി സന്ധി നിർണയിക്കുക**. (1 )

**7. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക..** (8 )

a) "എൻറെ പേരിലുള്ള നിലം വിറ്റ് പണമാക്കിയാൽ അതെനിക്ക് വലിയ ഉപകാരമാവും . അതിനെപ്പറ്റി ഏട്ടത്തിയോട് സംസാരിക്കാനാണ് ഞാൻ വന്നത്."- ഗോപി എന്ന കഥാപാത്രത്തിൻറെ സ്വഭാവസവിശേഷതകൾ വിവരിക്കുക.

b) എന്തിലും കുറ്റം കണ്ടെത്തുന്ന നിരൂപകർക്കുള്ള മറുപടിയാണോ ' നാലിതൾപ്പൂവ് ' ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

c) മറ്റൊരു വണ്ടിക്കാള എന്ന് വണ്ടിക്കാരനെ വിളിക്കാൻ കാരണമെന്ത്?

d) " അപ്പോൾ അയാളുടെ കൈവശം ജീവിതഭദ്രത നൽകുന്നതായി രണ്ട് അനുഗ്രഹങ്ങൾ ഉണ്ടായിരുന്നു._ ബലിഷ്ഠമായ കൈകളും പതറാത്ത മനസ്സും "_ ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്? എന്തുകൊണ്ട്?

**8.ഉത്തരമെഴുതുക.** (4 )

a) സർവമതസമ്മേളനത്തിൽ വിവേകാനന്ദൻ നടത്തിയ പ്രസംഗങ്ങളെക്കുറിച്ചു ഒരു ലഘുവിവരണം തയ്യാറാക്കുക.